# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4266** **12.11.2019 ൽ മറുപടിയ്ക്ക്**

## കെട്ടിടങ്ങളിൽ സോളാർ പവർപ്ലാന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൽദോ എബ്രഹാം** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കെട്ടിടങ്ങളുടെ മുകളിൽ സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ; | (എ) | സംസ്ഥാനത്ത് കെട്ടിടങ്ങളുടെ മുകളിൽ സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി സർക്കാർ പ്രോത്സാഹിപ്പിച്ചുവരികയാണ്. |
| (ബി) | എങ്കിൽ ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്നും അറിയിക്കാമോ ; | (ബി) | വൈദ്യുതി ഉല്പാദനത്തിന് അക്ഷയ സ്രോതസ്സുകളെ ആശ്രയിക്കുന്നതിന്റെ ഭാഗമായി അന്തരീക്ഷത്തിലേയ്ക്കുള്ള കാർബൺ ബഹിർഗമനം കുറയുന്നു. ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നു, പ്രസരണനഷ്ടം കുറയ്ക്കുവാൻ സഹായിക്കുന്നു, ഉപഭോക്താക്കളുടെ വൈദ്യുതി ബിൽ തുക കുറയാൻ കാരണമാകുന്നു എന്നിവയാണ് പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ. പദ്ധതി നടത്തിപ്പിൽ വരുത്തുന്നതിനായി സർക്കാർ സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി, അനർട്ട് എന്നിവ ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകിവരുന്നുണ്ട്. പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽ നിന്നും 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന സൗര പദ്ധതി കെ.എസ്.ഇ.ബി നടത്തിവരുന്നു.<br><br>ഇത് കൂടാതെ മറ്റ് വൈദ്യുത ഉത്പാദന രീതികളെ അപേക്ഷിച്ച് സോളാർ പവർ പ്ലാന്റ് ഉപയോഗിച്ചുള്ള വൈദ്യുത ഉത്പാദനം കാരണം അന്തരീക്ഷ മലിനീകരണവും ശബ്ദ മലിനീകരണവും ഉണ്ടാകുന്നില്ല, ഗ്രിഡ് കണക്റ്റഡ് സൗര നിലയം സ്ഥാപിക്കുന്നതു കൊണ്ട് ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി. എൽ - ന് നൽകി അധിക വരുമാനം നേടാം, സൗരനിലയം സ്ഥാപിക്കുന്നതു കൊണ്ട് തൊഴിൽ സൃഷ്ടിക്കപ്പെടുന്നു, അധികമായി ഉത്പാദിപ്പിക്കുന്ന സൗര വൈദ്യുതി ബാറ്ററിയുടെ സഹായത്താൽ സംഭരിച്ച് വയ്ക്കുന്നതിന് സാധിക്കും എന്നീ നേട്ടങ്ങളുമുണ്ട്. |

| | | | |
|---|---|---|---|
| | | | സർക്കാർ സഹായങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:- ബാറ്ററി സംഭരണത്തോട്ടു കൂടിയ ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റും ബാറ്ററി സംഭരണത്തോട്ടു കൂടി അല്ലാതെ ഉപയോഗ ശേഷമുള്ള സോളാർ വൈദ്യുതി കെ.എസ്.ഇ.ബി.എൽ ഗ്രിഡിലേയ്ക്ക് നൽകുന്ന ഓൺ ഗ്രിഡ് സോളാർ പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന സബ്സിഡി അനെർട്ട് വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നു. ഇതിനു പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ? | (സി) | അനെർട്ട്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ